'കർമ്മലകുസുമ'ഗ്രന്ഥാവലി. നമ്പർ ൯.

# സഭയും സമുദായവും

വി. സി. ജോർജ്ജ് അവർകൾ
കത്തോലിക്കദൂതൻ മാസികയിൽ എഴുതിയതു്.

MANNANAM:

PRINTED AT THE ST. JOSEPH'S PRESS.

1921.

# സഭയും സമുദായവും.

## I. സഭയുടെ ജയക്കൊടി.

ക്രിസ്ത്വാബ്ദത്തിന്റെ ഒന്നും രണ്ടും നൂറ്റാണ്ടുകളിൽ റോമ്മാ സാമ്രാജ്യത്തിനുണ്ടായിരുന്ന പ്രാബല്യം കേട്ടറിഞ്ഞിട്ടില്ലാത്തവർ ചുരുക്കമായിരിക്കുമല്ലോ. മെഡിറ്ററേനിയൻ കടലിന്റെ ചുറ്റുമുള്ള സ്ഥലങ്ങളെ അടക്കിക്കൊണ്ടിരുന്ന റോമൻ സാമ്രാജ്യത്തിൽ അക്കാലത്തറിയപ്പെട്ടിരുന്ന പരിഷ്കൃതരാജ്യങ്ങൾ എല്ലാംതന്നെ ഉൾപ്പെട്ടിരുന്നു. പ്രതിദിനമെന്നപോലെ വർദ്ധിച്ചുകൊണ്ടിരുന്ന അസംഖ്യം നഗരങ്ങളും ഗ്രാമങ്ങളും, കൊട്ടാരങ്ങളും മാളികകളും, ക്ഷേത്രങ്ങളും നമ്മാലയങ്ങളും, പ്രജാസഞ്ചയത്തിന്റെ ഐശ്വര്യത്തെയും ധനപുഷ്ടിയെയും, ലക്ഷീകരിച്ചു. സാമ്രാജ്യത്തിൽ നിവസിച്ചവർ ആസകലം ഒരേവിധത്തിലുള്ള ആചാരങ്ങളും ഭാഷയും സ്വീകരിച്ച് ഒരു കുടുംബത്തിൽപെട്ടവരോ എന്നു തോന്നത്തക്ക നിലയിലായി. അതൃത്തിക്കു പുറമേ യുദ്ധോത്സുകന്മാരായ ശത്രുക്കൾ കാണപ്പെട്ടെങ്കിലും രണശൂരന്മാരായ റോമൻ പട്ടാളക്കാരുടെ സ്വരാജ്യാഭിമാനം അവരെ അകത്തേക്കു കടത്തിയില്ല. ഇപ്രകാരമുള്ള ഒരു സാമ്രാജ്യം ഒരു മാതൃകാരാജ്യമാണെന്ന് പലർക്കും തോന്നിയേക്കാം. സമാധാനവും സന്തുഷ്ടിയും ഇതുപോലെ മറ്റെങ്ങും ഉണ്ടായിരിക്കയില്ലെന്ന് വിചാരിക്കുന്നവരും ധാരാളമുണ്ടായേക്കാം. എന്നാൽ വാസ്തവം അങ്ങനെ അല്ലായിരുന്നു.

സാമ്രാജ്യത്തിൽ ഭൂരിപക്ഷമാളുകളും അടിമകളായിരുന്നു. അവർ മൃഗസമാനം ധനവാന്മാർക്കുവേണ്ടി വേല ചെയ്യേണ്ടിയിരുന്നു. യജമാനന്മാരുടെ സന്തോഷത്തിനും വിനോദത്തിനുമായി ഇവർ എന്തെല്ലാംവിധത്തിൽ കഷ്ടപ്പെടണമെന്ന് ഒരു വ്യവസ്ഥയും ഉണ്ടായിരുന്നില്ല. ചുരുക്കം ചിലർമാത്രം ഐശ്വര്യവാന്മാരായിരുന്നുകൊണ്ട് മറ്റുള്ളവരെ സ്വച്ഛ

തന്ത്ര്യത്തോടെ യഥേഷ്ടം ഉപയോഗിച്ചു. സദാചാരം, ഔദാൎയ്യം മുതലായ ഗുണങ്ങൾ അറിയപ്പെട്ടിരുന്നില്ല. സകലരും സുഖാനുഭോഗത്തെ കരുതിയിരുന്നു. അതിൽ എല്ലാവരുടേയും ശ്രദ്ധ പതിഞ്ഞു. വിനോദസ്ഥലങ്ങളിൽ മനുഷ്യനും മനുഷ്യനും, മനുഷ്യനും മൃഗവും തമ്മിൽ ദ്വന്ദ്വയുദ്ധങ്ങളും മത്സരക്കളികളും പരസ്യമായി നടത്തിയിരുന്നു. ഒരാൾ സുഖം അനുഭവിക്കുന്നതിനായി പലരുടെ ജീവനുപോലും ഹാനിവരുത്തിയിരുന്നു. ഇപ്രകാരം തോന്നിയാഭാസമായി കഴിഞ്ഞ ജനങ്ങളുടെയിടയിൽ അന്തഃഛിദ്രങ്ങൾകൂടി ഉണ്ടായാലുള്ള ഫലം ഊഹിക്കയാണ് നന്ന്. മുഷ്ടിബലപ്രയോഗത്താൽ ചക്രവൎത്തികൾക്കുപോലും നിൎഭയം ജീവിക്കുന്നതിനു കഴിഞ്ഞില്ല. ഓരോ കക്ഷിയുടേയും ബലാബലങ്ങൾപോലെ ചക്രവൎത്തികൾ സിംഹാസനത്തിൽനിന്ന് നീക്കപ്പെടുകയും പലപ്പോഴും നിൎദ്ദയമായി വധിക്കപ്പെടുകയുമുണ്ടായി.

ഇപ്രകാരം ക്ഷയോന്മുഖമായ ഒരു ജനസ്തോമത്തെ ഉദ്ധരിക്കുന്നതിനായി പല സുബുദ്ധികളും ആഗ്രഹിച്ചുവെങ്കിലും അതിനുള്ള വഴികൾ ദൃഷ്ടിഗോചരമായി തീൎന്നില്ല. റോമാക്കാരുടെ വേദമോ വിഗ്രഹങ്ങളോ വിവിധതരത്തിലുള്ള വിനോദങ്ങളോ സമുദായാംഗങ്ങൾ തമ്മിൽ ഉണ്ടായ വിശ്ലേഷത്തെ നിരോധിക്കുന്നതിനു പൎയ്യാപ്തമായിരുന്നില്ല. ആകയാൽ സമുദായസ്ഥിതിമൂലം ഉന്മേഷഹീനരായി ഭവിച്ച പലരും ക്രിസ്തീയവേദത്തിൽ ആശ്വാസവും സമാധാനവും കണ്ടെത്തി. ധനവാന്റെയും ദരിദ്രന്റെയും, യജമാനന്റെയും ദാസന്റെയും, രഹസ്യസേവസ്സു വിഷയീഭവിച്ച ആ വേദം അവരിൽ ഓരോരുത്തനിലും പരസ്നേഹവും അന്യോന്യവിശ്വാസവും ജനിപ്പിച്ചു. എങ്കിലും വി: യോഹന്നാൻ "ലോകം അവനെ അറിഞ്ഞില്ല, സ്വന്തജനം അവനെ സ്വീകരിച്ചില്ല" എന്നു നമ്മുടെ കൎത്താവിനേപ്പറ്റി പറഞ്ഞിട്ടുള്ളതു സഭയുടെ പ്രാരംഭദശയെ സംബന്ധിച്ചും അൎത്ഥവത്തായിത്തീൎന്നു. സഭയും രാജ്യാധികാരവും തമ്മിൽ തീരാത്ത വൈരം ജനിച്ചു. ചക്രവൎത്തിയെ ഈശ്വരസമാനം ആരാധിക്കണമെന്നുള്ള റോമൻവിശ്വാസം ക്രിസ്ത്യാനികൾക്കു ഈശ്വരദ്രോഹകരമായി തോന്നുകയാൽ അവർ തങ്ങളുടെ അന്തഃ ണാദേശത്താൽ ആ വക കൎമ്മങ്ങളിൽ നിന്നൊഴിഞ്ഞു. അ

ജ്ഞാനികളുടെ ഓരോ പ്രവൃത്തിയും അവരുടെ കപടവിശ്വാസത്തോടു സംബന്ധപ്പെട്ടിരുന്നതു നിമിത്തം ക്രിസ്ത്യാനികൾ ഗവൎമ്മെണ്ടുവക പല ഉദ്യോഗങ്ങളിൽ പ്രവേശിക്കാതിരിക്കുന്നതിനു മാത്രമല്ല, അവരുടെ അടുത്ത ചാൎച്ചക്കാരോടു പോലും വേഴ്ചകൂടാതെ കഴിയുന്നതിനും നിൎബന്ധിതരായി. റോമാക്കാർ പൂജ്യമായി കരുതിയിരുന്ന ആചാരാനുഷ്ഠാനങ്ങൾ ക്രിസ്ത്യാനികൾ നിരസിച്ചു. അവർ ധനത്തെ തൃണവൽഗണിച്ചതും, കന്യകാവ്രതത്തെ അത്യധികമായി ശ്ലാഘിച്ചതും, യജമാനനും ദാസനും ഈശ്വരദൃഷ്ടിയിൽ സമന്മാരാണെന്നു പ്രസംഗിച്ചതും സമുദായസ്തംഭങ്ങളെ അധോമുഖീകരിക്കുന്ന വങ്കാററായി രാജ്യകാൎയ്യ ധുരന്ധരന്മാൎക്കു പ്രത്യക്ഷപ്പെട്ടു. ക്രിസ്ത്യാനികൾ സമുദായദ്രോഹികളെന്നും നാസ്തികന്മാരെന്നും രാജദ്വേഷികളെന്നും നാമകരണം ചെയ്യപ്പെട്ടു. ഈശ്വരദൂഷണം, അഭിചാരം ആദിയായ അനേകം പൈശാചിക കുററങ്ങൾ അവൎക്കാരോപിക്കപ്പെട്ടു. ജനസാമാന്യം അവരെ വെറുക്കുകയും ഏതെങ്കിലും ഒരാപത്തോ അസാധാരണ അപകടമോ സംഭവിച്ചാൽ ഈശ്വരകോപത്തെ പ്രേരിപ്പിച്ചതു ക്രിസ്ത്യാനികളാണെന്നു ജല്പിക്കയും ചെയ്യുതുടങ്ങി. "ടീബർ നദിയിൽ വെള്ളം പൊങ്ങുകയോ, നീലനദിയിൽ കൃഷിക്കാവശ്യമുള്ള വെള്ളം ഉണ്ടാകാതിരിക്കുകയോ, മഴ പെയ്യാതിരിക്കുകയോ, ഭൂകമ്പമുണ്ടാകയോ, ക്ഷാമമോ വസന്തയോ തുടങ്ങുകയോ ചെയ്താൽ ഉടൻ ക്രിസ്ത്യാനികളെ സിംഹങ്ങൾക്കു കൊടുക്കട്ടെ എന്നുള്ള നിലവിളി കേൾക്കാം." എന്നാണു് തെൎത്തുലിയൻ എഴുതിയിരിക്കുന്നതു്. ക്രിസ്ത്യാനികളെ നാമാവശേഷമാക്കുന്നതിനു വിളംബരം പ്രസിദ്ധപ്പെടുത്തി. അവിടവിടെയായി പല സംഹാരങ്ങളും നടന്നു. ക്രിസ്ത്യാനികൾ ഗുഹകളിലും കല്ലറകളിലും അക്കാലങ്ങളിൽ കഴിച്ച ജീവിത സമ്പ്രദായത്തെക്കുറിച്ചറിയുന്നതു നാമമാത്ര ക്രിസ്ത്യാനികൾ ബഹുലമായിരിക്കുന്ന ഇക്കാലത്തു തീരെ മന്ദനേപ്പോലും ഉത്സാഹഭരിതനാക്കുന്നതാണു്. അസാധാരണ ധൈൎയ്യം അന്നു് ഒരു ക്രിസ്ത്യാനിയുടെ അവശ്യ ലക്ഷണമായിത്തീൎന്നു. പ്രഭുക്കന്മാരും പണ്ഡിതന്മാരും, സുന്ദരികളും സുശീലകളുമായ അസംഖ്യം സ്ത്രീപുമാന്മാർ രക്തം ചൊരിഞ്ഞും പ്രാണത്യാഗം ചെയ്തും വേദത്തിനു സാക്ഷികളായിത്തീൎന്നു. മെച്ചിയസ്

വലേറിയൻ, ഡയോക്ലിഷ്യൻ എന്നീ ചക്രവർത്തികളുടെ കീഴിൽ നടന്ന ഉപപ്ലവങ്ങൾ ക്രിസ്ത്യാനികളെ ദശാംശീകരിച്ചു. റോമ്മായിൽത്തന്നെ ൫൪൦൦൦ ആളുകൾ വേദത്തിനുവേണ്ടി ജീവനുപേക്ഷിച്ചുയെന്ന് വിശ്വാസയോഗ്യമായ കണക്കുള്ള സ്ഥിതിക്ക ചക്രവർത്തികൾക്കധീനമായിരിക്കുന്ന യൂറോപ്പിലെ മററു സ്ഥലങ്ങളിലും ആഫ്രിക്കായിലെ ഭാഗങ്ങളിലും വധിക്കപ്പെട്ടവരുടെ സംഖ്യ ഇതിൻെറ നൂറിരട്ടിയൊ ആയിരമിരട്ടിയൊ ആയിരുന്നെന്നു പറയുന്നതിൽ അബദ്ധമില്ല. ഇപ്രകാരം നിന്ദിതമായിരുന്ന ഒരു കൂട്ടത്തെ ക്ഷയോൻമുഖമായിരുന്ന റോമാ സാമ്രാജ്യത്തെ രക്ഷിക്കുന്നതിനു കരുവായി തെരഞ്ഞെടുത്ത സർവ്വശക്തൻെറ ജ്ഞാനാധിക്യമാണ് ഇനി നമ്മുടെ ശ്രദ്ധയെ ആകർഷിക്കേണ്ടതു്.

മ്ശിഹായുടെ വധുവായിരിക്കുന്ന സഭ നിന്ദയിൽനിന്നു മഹത്വത്തിലേക്കും അടിമയിൽനിന്നു സ്വാതന്ത്ര്യത്തിലേക്കും പ്രവേശിക്കുന്നതിനുള്ള കാലം ആസന്നമായി. ക്രിസ്തീയ വേദം സാമ്രാജ്യത്തിനു വിരോധിയാണെന്നുള്ള തെററിദ്ധാരണ നീക്കേണ്ട സമയം അതിക്രമിച്ചു. മൂന്നാം ശതാബ്ദത്തിൽ കൂടെക്കൂടെയുണ്ടായിരുന്ന പ്രകൃതിക്ഷോഭങ്ങൾ നിമിത്തം മനുഷ്യർക്കു പാപമോചനത്തെപ്പററിയുള്ള ആഗ്രഹവും ഈശ്വരഭക്തിയും വർദ്ധിച്ചുവന്നു. ഏകദൈവവാദത്തെ സ്ഥിരീകരിക്കുന്ന പ്ലാറേറായുടെ തത്വങ്ങൾക്കു അത്ഭുതപൂർവ്വമായ പ്രചാരവും ഇതോടുകൂടി ഉണ്ടായി. ഇങ്ങിനെ ജനങ്ങൾക്കു അവരുടെ പഴയ മതത്തിലുള്ള പ്രതിപത്തി ക്ഷയിക്കുയും ക്രിസ്ത്യാനികളുടെ നേർക്കുള്ള വൈരം കുറകയും ചെയ്യുതായി അടയാളങ്ങൾ കണ്ടുതുടങ്ങി. ഈ സന്ധിയിലാണ് മഹാനായകൊൻസ്തന്തീനോസ് രംഗപ്രവേശം ചെയ്യുതു്. ക്രിസ്ത്യാനികളെപ്പററി വളരെ മതിപ്പു ഇദ്ദേഹത്തിനു ബാല്യം മുതൽക്കെ ഉണ്ടായിരുന്നു. അവരുടെ അനുകരണീയമായ ജീവിതവും സ്തുത്യർഹമായ സഹോദരസ്നേഹവും നിഷ്കളങ്കമായ ഈശ്വരഭക്തിയും പലപ്പോഴും ഇദ്ദേഹത്തിൻെറ ബഹുമാനത്തിനു വിഷയീഭവിച്ചിരുന്നു. രാജ്യത്തിൽ അവരുടെ സംഖ്യ വളരെ കുറവായിരുന്നുവെങ്കിലും അവരിൽ അന്യോന്യം കാണപ്പെട്ട വിശ്വാസവും ഐകമത്യവും വലിയ കാര്യങ്ങളെ സാധിക്കുന്നതിനു ശക്തിയുള്ളവയായിരുന്നുയെന്നു അദ്ദേഹം ധരി

ഷ്യ: തൻെറ മാതാവായ ഹെലന്നാ ഒരുത്തമ ക്രിസ്ത്യാനിയായിരുന്നതുകൊണ്ടോ, അഛൻ കൊൻസ്റ്റാന്തിയസ് ക്രിസ്ത്യാനികൾക്ക വിരോധിയല്ലാതിരുന്നതുകൊണ്ടോ, ക്രിസ്ത്യാനികളുടെ സഹായം രാജ്യകാൎയ്യസംബന്ധമായ തൻെറ ആലോചനകൾക്ക് അപേക്ഷിതമായിരുന്നതുകൊണ്ടോ കൊൻസ്റ്റന്തിനോസ് ക്രിസ്ത്യാനികളുടെ വേദത്തെ ബഹുമാനിക്കയും സുവിശേഷങ്ങളെ വായിക്കയും ചെയ്തു. എന്നിരുന്നാലും അദ്ദേഹം ക്രിസ്ത്യാനിയാകുന്നതിനും, അതേവരെ അവമാനിക്കപ്പെട്ട ക്രിസ്തീയ വേദത്തിൻെറ സംരക്ഷകൻ എന്ന പദത്തെ അഭിമാനപൂർവ്വം സ്വീകരിക്കുന്നതിനും കാരണമായതു ദൈവശക്തിയുടെ വ്യക്തമായ ഒരു പ്രവൃത്തി മാത്രമായിരുന്നുവെന്നുള്ളതിനെ നിഷേധിച്ചുകൂടാ.

ചരിത്രകാരനായ എവുസേബിയൂസ് ഇതേപ്പററി ഇങ്ങിനെ എഴുതിയിരിക്കുന്നു:— "കൊൻസ്റ്റന്തീനോസ് ഗാളിൽനിന്ന് ഇററലിയിലേക്ക, പാശ്ചാത്യ സാമ്റാജ്യത്തെ അപഹരിച്ചു കൊൻസ്റ്റന്തീനോസിൻെറ നാമത്തെ അധിക്ഷേപിച്ചിരുന്ന മാക്സെൻസിയസിൻെറ ബലിഷ്ഠമായ സൈന്യത്തെ എതൃക്കുന്നതിപോകയായിരുന്നു. മത്സരത്തിൻെറ ഫലങ്ങളെ ശങ്കിച്ചും, അജ്ഞാനികളുടെ ദേവന്മാരിൽ അവിശ്വസിച്ചും, അയാൾ ക്രിസ്ത്യാനികളുടെ ദൈവത്തോടു ഭക്തിയോടും ആദരവോടും കൂടി തനിക്ക പ്രത്യക്ഷീഭവിക്കണമെന്നും തൽക്കാലത്തെ ബുദ്ധിമുട്ടുകളിൽ സഹായിയായിരിക്കണമെന്നും അപേക്ഷിച്ചു. ചക്രവൎത്തി ഇരക്കത്തോടെ അപേക്ഷിച്ചുകൊണ്ടിരിക്കയിൽ ദൈവത്തിൽ നിന്ന് അതിശയനീയമായ ഒരടയാളം കാണപ്പെട്ടു. മദ്ധ്യാഹ്നത്തിൽ സൂൎയ്യൻ ഉച്ചയിൽനിന്നു മാറാൻ ഭാവിച്ചപ്പോൾ, സൂൎയ്യബിംബത്തിനു മീതെയായി പ്രകാശകമായ ഒരു കുരിശടയാളം "ഇതിനാൽ നീ ജയിക്കും" എന്ന വാചകത്തോടുകൂടി അദ്ദേഹത്തിനു ദൃഷ്ടിഗോചരമായി. ഈ കാൎയ്യം ചക്രവൎത്തിയേയും ഇതിനു സാക്ഷികളായി കൂടെ നിന്നിരുന്ന ഭടന്മാരെയും വിസ്മയഭരിതരാക്കി. ഈ ദൎശനത്തിൻെറ അൎത്ഥമെന്തായിരിക്കുമെന്നറിയാതെ കൊൻസ്റ്റന്തീനോസ് അത്ഭുതപ്പെട്ടു. ഇങ്ങനെ വിചാരമഗ്നനായിരിക്കയിൽ രാത്രി സമീപിച്ചു. അനന്തരം ഉറക്കത്തിൽ ദൈവത്തിൻെറ മ്ശിഹാ ആ അടയാളത്തോടുകൂടി കാണപ്പെട്ട്, ആ മാതൃകയിൽ

ഒരു കൊടിയുണ്ടാക്കണമെന്നും യുദ്ധങ്ങളിൽ അതിനെ രക്ഷണമായി കരുതണമെന്നും അദ്ദേഹത്തോടാജ്ഞാപിച്ചു. ഇതിൻപ്രകാരം ഒരു ധ്വജം ചക്രവത്തിയുടെ സ്വന്ത മേൽനോട്ടത്തിൽ നിർമ്മിക്കപ്പെടുകയും സൈന്യത്തിൻെറ മുമ്പിലായി വഹിക്കപ്പെടുകയും ചെയ്തു. ഉത്തര ഇററലിയിൽ കൂടി വിജയാനന്ദിതനായി സഞ്ചരിച്ച ശേഷം അദ്ദേഹം റോമാക്കടുത്തുള്ള മിൽവിയൻ പാലത്തിന്നരികെ സാക്ക്സാറൂബ്രാ എന്ന സ്ഥലത്തിൽവച്ചു ശത്രുപക്ഷക്കാരെ എതിരിട്ടു അവരെ കഠിനമായി തോല്പിച്ചു. മാക്ക്സെൻസീയസ് ടീബർനദിയിൽ വീണു ജീവനുപേക്ഷിച്ചു”

വിവിധ വർഗ്ഗക്കാരായ പല ചരിത്രക്കാരാൽ സ്ഥിരീകൃതമായിരിക്കുന്ന എവുസെബിയൂസിൻെറ ഈ സാക്ഷികളിൽ നിന്നു നമുക്കു കുരിശിനുണ്ടായ മഹത്വത്തെ ഏകദേശം മനസ്സിലാക്കാം. വിജയാനന്തരം കൊൻസ്റ്റന്തീനോസ് സൂചിപ്പിച്ച കൃതജ്ഞതയും ഈ അത്ഭുതത്തിന്നു യോജിക്കുന്നതായിരുന്നു. ഈ വിശുദ്ധ അടയാളം സകലത്ര പ്രചരിപ്പിച്ചു. നാണ്യങ്ങളിലും കീർത്തിമുദ്രകളിലും ഇതു ഒഴിച്ചുകൂടാത്ത ഒരു ചിഹ്നമായി. കുറെക്കഴിഞ്ഞു് കിഴക്കിൻെറ ലിച്ചീനിയസ് ചക്രവത്തിയുമായി ആലോചിച്ചു കൊൻസ്റ്റന്തീനോസ് മിലാനിലെ വിളംബരം ൩൧൩ൽ പ്രസിദ്ധപ്പെടുത്തി. ഇതുക്രിസ്തീയ വേദത്തിൻെറ പ്രാഭവത്തെ തുറക്കുന്ന ഒരു വഴി മാത്രമായിരുന്നു. ക്രിസ്ത്യാനികൾക്കു വൈദികമായ പൂർണ്ണസ്വാതന്ത്ര്യം അനുവദിച്ച ഈ വിളംബരത്താൽ തന്നെ അവരുടെ വക കവന്നെടുത്തിട്ടുണ്ടായിരുന്നവസ്തുക്കൾതിരിച്ചു കൊടുക്കുന്നതിനും വ്യവസ്ഥചെയ്തിരുന്നു. ക്രിസ്ത്യാനികൾ പ്രജാസമൂഹത്തിൽ ചുരുങ്ങിയ ഒരു ഭാഗം, ഏകദേശം ഇരുപതിൽ ഒന്നുമാത്രമായിരുന്നുവെങ്കിലും കൊൻസ്റ്റന്തീനോസിൻെറ കരുണാപൂർവ്വമായ കല്പനഅവരുടെ സംഖ്യയെ പെട്ടെന്നു വർദ്ധിപ്പിച്ചു. സാമ്രാജ്യത്തിൻെറ തലവന്മാരായ ചക്രവത്തികൾ ക്രിസ്ത്യാനികളോടു അനുഭാവം കാണിക്കുന്നു എന്ന വത്തമാനം തന്നെ മാനസാന്തരത്തിനു ഒരു ഹേതുവായി. ക്രിസ്തീയ വേദത്തെ രഹസ്യമായി സ്നേഹിച്ചിരുന്നവർ പരസ്യമായി കുരിശിനെ വണങ്ങിത്തുടങ്ങി. അജ്ഞാനികളുടെ വേദം പെട്ടെന്നു ക്ഷയിച്ചു. രാജകീയ സഹായം പിൻവലിച്ചതു അതിൻെറ മൂലച്ഛേദം ചെയ്യുന്ന ഒരു കോടാലി മാത്രമായിരുന്നു. മിലാനിലെ

വിളംബരംമൂലം ക്രിസ്ത്യാനികൾക്കുണ്ടായ സന്തോഷത്തെ ഒരു സംവത്സരം കഴിഞ്ഞപ്പോൾ ലാക്ക്ത്താൻസിയസ് എഴുതിയ ഒരു പുസ്തകത്തിൽ പ്രകടിപ്പിച്ചിട്ടുണ്ട് "ഗസ്സത്തായ ചെന്നായ്ക്കളാൽ നിശിപ്പിക്കപ്പെട്ട ആടുകളെ ശേഖരിക്കയും ആട്ടിൻകൂട്ടത്തെ മേച്ചിൽസ്ഥലത്തിൽ നിന്നോടിച്ച വനജന്തുക്കളെ ഹനിക്കയും ചെയ്ത കത്താവിനോടു നാം കൃതജ്ഞരായിരിക്കണം. നമ്മുടെ ശത്രുക്കളുടെ അസംഖ്യങ്ങളായ കൂട്ടങ്ങളെവിടെ? വധോദ്യുക്തരായ ഡയോക്ലീഷ്യൻെറയും മാക്ക്സിമിയാൻെറയും ആരോപ്പാരന്മാരെവിടെ? ദൈവം അവരെ ഭൂമിയിൽ നിന്നോടിച്ചുകളഞ്ഞിരിക്കുന്നു. നമുക്കു തൻെറ വിജയത്തെ സന്തോഷപൂർവ്വം ആഘോഷിക്കാം. പത്തു വർഷത്തെ അനർത്ഥങ്ങൾക്കു ശേഷം ലഭിച്ചിട്ടുള്ള സമാധാനം നിലനിൽക്കുന്നതിനായി കത്താവിൻെറ വിജയത്തെ സ്തുതിസ്തോത്രങ്ങൾ വഴിയായി പുകഴ്ത്തുകയും അഹോരാത്രമുള്ള പ്രാർത്ഥനമൂലം തന്നെ മഹത്വപ്പെടുത്തുകയും ചെയ്യാം" എന്നാണു അദ്ദേഹം പ്രസ്താവിക്കുന്നത്.

ക്രിസ്തീയ പുരോഹിതന്മാൎക്കു സ്വാതന്ത്ര്യം കൊടുക്കുന്ന പലചില്ലറ നിയമങ്ങൾ കൊൻസ്റ്റൻറീനോസ് നടപ്പിൽ വരുത്തി. ലിച്ചിനോസിൻെറ പരാജയത്തിനു ശേഷമാണു കൊൻസ്റ്റൻറീനോസ് കത്തോലിക്കമതം സ്വീകരിച്ചതെങ്കിലും, അതിന്നുമുമ്പുതന്നെ ചക്രവർത്തി, മെത്രാന്മാരെയും പട്ടക്കാരെയും ബഹുമാനിക്കയും പള്ളികൾക്കും ധർമ്മസ്ഥാപനങ്ങൾക്കും വിലയേറിയ സഹായങ്ങൾ ചെയ്കയും ഉണ്ടായി. രാജാധികാരവും വേദവും തമ്മിലുണ്ടായ ഈ സമ്മേളനം സഭയ്ക്കും സാമ്രാജ്യത്തിനും ഒരുപോലെയുള്ള ഉപകാരം വരുത്തി. ചുരുങ്ങിയ വർഷങ്ങൾക്കിടയിൽ സാമ്രാജ്യത്തിലുള്ള അളുകളിൽ ഭൂരിപക്ഷവും ക്രിസ്ത്യാനികളായി. നാശോന്മുഖമായ സാമ്രാജ്യത്തെ നിലനിറുത്തുന്നതിനുള്ള ശ്രമത്തിൽ സഭ ധാരാളം സഹായിച്ചു. മേലധികാരികളോടുള്ള ആദരവിനെ ഭംഗം കൂടാതെ പാലിക്കുന്നതിൽ, ലൌകികാധാരികളെ ഈശ്വരൻെറ പ്രതിനിധികളെന്നു സമർത്ഥിക്കുന്ന ക്രിസ്തീയതത്വം ധാരാളം ഉപകരിച്ചു. ശാസ്ത്രികളും പണ്ഡിതാഗ്രേസരന്മാരുമായിരുന്ന മെത്രാന്മാരുടെ സഹകരണസാഹായ്യങ്ങൾ രാജകീയ ഉദ്യോഗസ്ഥന്മാരുടെ ചുമതലകളെ ലഘൂപ്പെടുത്തി. സാമ്രാജ്യത്തിൻെറ പുറമേ വർദ്ധിച്ചുകൊണ്ടിരുന്ന ശത്രുക്കളുടെ സ്വഭാവ കഠോരതയ

ക്രിസ്ത്യൻ മതപ്രാസംഗികന്മാർ മിതപ്പെടുത്തിയിരുന്നതിനാൽ വളരെക്കാലത്തേക്കു സാമ്രാജ്യത്തെ ഭഞ്ജിപ്പിക്കുന്നതിനുള്ള അവരുടെ ആഗ്രഹം സാധിക്കാതെ വന്നു. സഭയുടെ ബ്രഹ്മാണ്ഡസ്ഥാപനങ്ങളും, ആരാധനക്രമത്തിലെ ഹൃദയാകർഷകമായ ചടങ്ങുകളും, സന്യാസ സഭകളും വന്ദ്യരായ പുരോഹിതഗണങ്ങളും, സഭയെപ്പററിയുള്ള ജനങ്ങളുടെ ഭക്തിയെ വർദ്ധിപ്പിക്കയും, ആ വർദ്ധനവു സഭയുടെ സഖ്യതയിൽപെട്ടിരുന്ന സാമ്രാജ്യത്തിൻെറ പ്രാബല്യത്തിനുതകുകയും ചെയ്തു. ആധുനിക കാലത്തിൽ യൂറോപ്യൻസമുദായങ്ങളിൽ കാണപ്പെടുന്ന ആശയ വിശേഷങ്ങൾക്കും ശാസ്ത്രീയ സമ്പത്തുകൾക്കും പ്രധാന കാരണമായിത്തീന്നതു സഭയും സാമ്രാജ്യവും തമ്മിൽ കൊൺസ്റ്റന്റീനോസിൻെറ കാലത്തിൽ നടന്ന സന്ധി മാത്രമാണു്.

## II. വിജയഫലങ്ങൾ.

കൊൻസ്റ്റന്റീനോസിൻെറ കാലത്തിൽ ക്രിസ്ത്രീയ വേദത്തിനുണ്ടായ സ്വാതന്ത്ര്യം സഭയുടെയും സാമ്രാജ്യത്തിൻെറയും സ്ഥിതിയെ എപ്രകാരം ഭേദപ്പെടുത്തിയെന്നു നാം കണ്ടുവല്ലൊ. ഇതിന്നനുരൂപമായ ഗുണകരഫലങ്ങൾ സമുദായം മുഴുവനിലും കാണപ്പെട്ടു. ക്രിസ്ത്രീയവേദത്തിനുണ്ടായ വിജയത്തിനു മുമ്പിൽ വിവാഹത്തെപ്പററി ഖണ്ഡിതമായ യാതൊരു നിയമവുമില്ലായിരുന്നു. വിവാഹബന്ധം അഭേദ്യമായി നിശ്ചയിക്കപ്പെടാതിരുന്നതുകൊണ്ടു വധൂവരന്മാർ പലപ്പോഴും തങ്ങളുടെ ദുരഭിലാഷങ്ങളെ പിൻചെന്നു ന്യായരഹിതമായി കാമിനീകാമുകന്മാരെ വേട്ടയാടിയിരുന്നു. തൻമൂലം ഉണ്ടായിക്കൊണ്ടിരുന്ന ഗൃഹഛിദ്രങ്ങളും മിത്രഭേദങ്ങളും കൊലപാതകങ്ങളും എത്രമാത്രം അനത്ഥപ്രദമായിരുന്നെന്നു് ഊഹിക്കയാണു നന്നു്. ക്രിസ്ത്രീയവേദം ആദ്യമായി സ്ത്രീജാതിയെ ഉയത്തിക്കൊണ്ടു് കുടുംബജീവിതത്തിൽ സമാധാനത്തെ സ്ഥാപിച്ചു. വിവാഹബന്ധം അഭേദ്യമായി പ്രസ്താവിച്ച സഭയുടെ നിശ്ചയം അബലാവഗ്ഗത്തിനു ശാശ്വതമായ ഒരനുഗ്രഹമായിത്തീന്നു. ആധുനിക പരിഷ്കാരത്തിൻെറ ഫലമായി സ്ത്രീകളെ പുരുഷന്മാക്കു തുല്യകളായും കുടുംബങ്ങളിൽ നായികകളായും പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നതും ഈ ക്രിസ്ത്രീയ സങ്കല്പം

കൊണ്ടു മാത്രമാണ്. ഇപ്രകാരം ഉയൎത്തപ്പെട്ട സ്ത്രീകളിൽ എത്രപേരാണ് ലോകത്തിൻെറ വിസ്മയവിഷയങ്ങളായിത്തീൎന്നിട്ടുള്ളതു് ബ്രിട്ടീഷ് സാമ്റാജ്യത്തെ അൎദ്ധശതാബ്ദ കാലത്തോളം വിഴ്ചയോടെ ഭരിച്ച നാനാജാതിമതസ്ഥരായ സകലരുടെ വാത്സല്യ വിഷയമായിത്തീൎന്ന വിക്ടോറിയാ മഹാരാജ്ഞിയുടെ ഓൎമ്മ നമ്മിൽ ഇപ്പോഴും ഇരിക്കുന്നുണ്ടല്ലൊ. ഇപ്രകാരം യൂറോപ്പിലെ ഒരു വലിയ വിഭാഗമായ ആസ്ത്രിയൻ സാമ്റാജ്യത്തെ ഓജസ്സോടുകൂടി ഭരിച്ച സ്ത്രീരത്നമാണ് മറിയാ തെറേസാ. കൊൻസ്തന്തീനോസിൻെറ കാലശേഷം കന്യകയായ വി. പുൽക്കെറിയാ റോമാ മഹാരാജ്യത്തെ വിവേകപൂൎവ്വം ഭരിച്ചിരുന്നു. ഇസബെല്ലാ രാജ്ഞി സ്പെയിനിലും, വിശുദ്ധ മൎഗ്ഗരീത്താ സ്കോട്ട്ലണ്ടിലും, വിശുദ്ധ എലിസബേത്ത് ഹംഗ്രിയിലും പ്രശസ്തമാംവണ്ണം രാജ്യഭാരം ചെയ്തിരുന്നു. ക്രിസ്തീയ വേദം മൂലം സ്ത്രീലോകത്തിനുണ്ടായിട്ടുള്ള ഉൽക്കൎഷത്തെ മനസ്സിലാക്കുന്നതിനു ഇതര മതാനുയായികളുടെ ഇടയിൽ സ്ത്രീകൾക്കുള്ള സ്ഥാനത്തെപ്പററി ആലോചിക്കുന്നതു ഉപകരിക്കും. മഹമ്മദന്മാർ അവരുടെ പ്രാൎത്ഥനാലയങ്ങളിൽ സ്ത്രീകളെ പ്രവേശിപ്പിക്കയോ പുരുഷന്മാരോടൊപ്പം ഈശ്വരാരാധനയിൽ ഭാഗഭാക്കുകളാകുന്നതിനു അനുവദിക്കയോ ചെയ്യുന്നുണ്ടോ? ഹിന്തുസമുദായത്തിൽപ്പെട്ട ലക്ഷോപിലക്ഷം വനിതകൾക്കു സൎവ്വപ്രധാനമായ വിവാഹകാൎയ്യത്തിൽ ഏതെങ്കിലും ഒരു സ്വരം അനുവദിക്കപ്പെട്ടിട്ടുണ്ടോ? സ്ത്രീകൾക്കു ആത്മാവുണ്ടോയെന്നുകൂടി ചൈനാക്കാർ സംശയിക്കുന്നു. അപരിഷ്കൃത ജാതിക്കാരുടെ ഇടയിൽ സ്ത്രീകളെ ഒട്ടകങ്ങളേയോ മററോ പോലെ ഭാരവാഹികളായികരുതുന്നു. കളിപ്പാട്ടുകളോ രാഗസാധകങ്ങളോ ആയി അവരേ വിചാരിക്കുന്ന വൎഗ്ഗക്കാരുമുണ്ട്. ഇതെല്ലാം വിചാരിച്ചായിരിക്കാം ഒരു ശാസ്ത്രി കൃതജ്ഞതാപൂരിതമായ ഹൃദയത്തോടുകൂടി ഒരു സ്ത്രീ ഇരിക്കുന്നതിനു ഏററവും യോഗ്യതയുള്ള സ്ഥലം കുരിശിൻചുവട്ടിലാണെന്നു പറഞ്ഞിരിക്കുന്നതു്. തൻെറ കന്യകമാതാവായിട്ടു സ്ത്രീയെ തിരഞ്ഞെടുത്തുകൊണ്ടും അവരെ സ്വാഭാവികവും സ്വഭാവാതീതവുമായ വിധത്തിൽ പൂൎണ്ണമായി അലങ്കരിച്ചുകൊണ്ടും മുപ്പതു വൎഷക്കാലത്തോക്കു ആ സ്ത്രീയുടെ ആജ്ഞ അനുസരിച്ചു ജീവിച്ചുകൊണ്ടും ഭൂമിയിലും സ്വൎഗ്ഗത്തിലുമുള്ള തൻെറ കുടുംബത്തിൻെറ നായികയായിട്ട് അമ്മ

രെ നിയമിച്ചുകൊണ്ടും മിശിഹാ മനുഷ്യവർഗ്ഗത്തിൽ ഒന്നുപകുതിയെ എത്രമാത്രം മഹത്വപ്പെടുത്തിയിട്ടുണ്ടെന്നു ഊഹിക്കതന്നെ പ്രയാസം. ഇനി സഭ മനുഷ്യവർഗ്ഗത്തിൽ ഏററവും നിസ്സഹായ ഭാഗമായ ബാലഗണത്തിനായി എന്തു സാധിച്ചുയെന്നു നോക്കുക.

“കാവ്യ”റോമായിലെ പ്രധാന ബാധകളിൽ ഒന്നു ജനസംഖ്യയെ അന്യായമായി കുറയ്ക്കുന്ന സമ്പ്രദായമായിരുന്നു. സന്തത്യുല്പാദനത്തിനുള്ള ന്യായമായ വഴികളെ മാംസാഭിലാഷസാദ്ധ്യത്തിനായി ദുരുപയോഗിക്കുന്ന ഈ ദുർന്നയം ആധുനികകാലത്തിലാകട്ടെ ഫ്രാൻസ്, ജർമ്മനി, ഇംഗ്ലണ്ട്, അമേരിക്കാ മുതലായ രാജ്യങ്ങളിലെ “അജ്ഞാനി”കളുടെ ഇടയിൽ വ്യാപിച്ച്, വിചാരബുദ്ധികളായ പലക്കും വ്യസനത്തിനും ശങ്കയ്ക്കും ഇടയാക്കുന്നുണ്ട് ക്രിസ്തീയ വേദത്തിനു പുറമെ ചില സ്ഥലങ്ങളിൽ ശിശുക്കൾക്കു ജീവിക്കുന്നതിനു പോലും അവകാശമില്ല. ഉണ്ടെങ്കിൽത്തന്നെ നിർദ്ദയരായ മാതാപിതാക്കളുടെ ക്രൌര്യഘോഷണത്തിനുള്ള ഒരു ശാണയായിട്ടു മാത്രമായിരുന്നു. ദൈവം ഒരു ശിശുവേഷം ധരിച്ചുയെന്ന തത്വത്തെ വെളിപ്പെടുത്തിക്കൊണ്ടു ക്രിസ്തീയ വേദം ശിശുവിൻെറ വിലയേയും മഹത്വത്തെയും അത്യുതപരതന്ത്രരായ പിതാക്കളെ ഗ്രഹിപ്പിച്ചു. ക്രിസ്തുമസ്സ് ദിവസം ക്രിസ്തുവിനോടു സമത്വമുള്ള തൻെറ കുഞ്ഞു സ്വർഗ്ഗത്തിലെ ദൈവദൂതന്മാരിൽ ഒരാളുടെ അകമ്പടിയോടുകൂടി ലൌകികമത്സരത്തിനൊരുങ്ങിയിരിക്കുന്ന ഒരു യോദ്ധാവാണെന്നും, ഉത്ഭവദോഷമായ അതിൻെറ കറ മ്ശിഹായുടെ രക്തത്തിൻെറ ശക്തിയാൽ സ്പൃഹണീയമായ സ്ഥാനത്തെ അർഹിക്കുന്ന ഒരു അങ്കിയായി രൂപാന്തരപ്പെട്ടുവെന്നും ഉള്ള വിശ്വാസം ഏതു മാതാവിനാണ് അഭിമാനത്തെ കൊടുക്കാത്തതു്? ശിശുലോകത്തിൻെറ നന്മക്കായി സഭ ചെയ്യുന്ന ശ്രമങ്ങൾ എത്രയോ പ്രശംസാവഹങ്ങളാണു! ൩ ലക്ഷത്തിലധികം പട്ടക്കാരും ൯ ലക്ഷത്തിലധികം കന്യകകളും കത്തോലിക്ക സഭയുടെ കൊടിയിൻ കീഴിൽ ബാലന്മാരെ വിദ്യ അഭ്യസിപ്പിക്കുന്ന വിഷയത്തിൽ പ്രയത്നിക്കുന്നുണ്ട്. അന്യരുടെ മാംസവും രക്തവും മനസ്സും കൊണ്ടുണ്ടായ കുഞ്ഞുങ്ങളെ ദൈവചിത്തപ്രകാരം സ്വന്ത കുഞ്ഞുങ്ങളായികരുതിക്കൊണ്ട് അവരുടെ ഗുണാഭിവൃദ്ധിക്കായി ഈ

മഹാസൈന്യം സഹിക്കുന്ന ബുദ്ധിമുട്ടുകൾതന്നെ കത്തോലിക്കസഭയ്ക്കു നമസ്കാരം ചെയ്യാൻ ഏവരേയും നിർബന്ധിക്കും.

മനുഷ്യരിൽ ഒരു വലിയ പങ്കു കൂലിവേലകൊണ്ടു് ഉപജീവനം ചെയ്യുന്നവരാണല്ലോ. ഒരു "കൂലിവേലക്കാരനാ"യിരുന്ന ക്രിസ്തുവിൻെറ വിശ്വസ്ത മണവാട്ടിയായ സഭ ഈ വർഗ്ഗത്തെ വിസ്മരിച്ചുവെന്നു വിചാരിക്കേണ്ടാ. ആസ്ത്രേലിയായിലെ ഒരു നഗരപ്രമാണി ഈയിട അവിടെയുണ്ടായ ഒരു അപകടാവസരത്തിൽ മൺവെട്ടി ഉപയോഗിച്ചു എന്ന കാരണത്താൽ അത്യധികമായ ബഹുമാനത്തിനു പാത്രീഭവിച്ചു. ഇതിനെ അധഃകരിക്കുന്ന എത്രയോ ഉദാഹരണങ്ങളാണു് ക്രിസ്തീയസഭയുടെ ആദ്യകാലങ്ങളിൽ സംഭവിച്ചിട്ടുള്ളതു്. കൊൺസ്റ്റന്റീനോസ്സ് ചക്രവർത്തിതന്നെ ഒരു ദേവാലയ സ്ഥാപനത്തിനായി പന്ത്രണ്ടുകൊട്ട മണ്ണു ചുമക്കുകയുണ്ടായി. കൊൺസ്റ്റന്റീനോസിനെ അനുകരിച്ചു തങ്ങളുടെ പ്രവൃത്തരുപേണയുള്ള ദൃഷ്ടാന്തത്താൽ "നികൃഷ്ട"മായ വേലകളെ മഹത്വപ്പെടുത്തിയിട്ടുള്ള രാജാക്കന്മാർ അസംഖ്യമാണു്. മദ്ധ്യകാലങ്ങളിൽ ഇപ്പോൾ നാം യൂറോപ്പിൽ കാണുന്ന ദേവാലയങ്ങളുടെയും വൈദിക സ്ഥാപനങ്ങളുടെയും പണിയിൽ രാജാക്കന്മാർ അവരുടെ ചെങ്കോലും കനകച്ചട്ടയും മാററിവെച്ചുംകൊണ്ടു തങ്ങളുടെ നിസ്സാരന്മാരായ പ്രജകളോടൊരുമിച്ചു വേല ചെയ്തിരുന്നു. ഒരു ശതാബ്ദത്തിൽ ഇംഗ്ലണ്ടിൽനിന്നുതന്നെ എൺപതു രാജകുമാരന്മാരും കുമാരികളും സന്യാസജീവിതം അവലംബിച്ചു. അന്നു സന്യാസാശ്രമങ്ങൾ "കരവേല"കളുടെ കേന്ദ്രസ്ഥാനങ്ങളായിരുന്നു. സന്യാസികൾ കാടുവെട്ടിത്തെളിച്ചു കലഹപ്രിയന്മാരായിരുന്ന കാട്ടുജാതിക്കാരെ തൊഴിലും വേലയും അഭ്യസിപ്പിച്ചു നാഗരികതത്തിൻെറ പന്ഥാവിലേക്കു് അവരെ നയിച്ചു. ഇങ്ങിനെയാണു് യൂറോപ്പിലെ വലിയ നഗരങ്ങളിൽ അധികഭാഗവും ഉണ്ടായതു്. അവ സന്യാസാശ്രമങ്ങൾക്കു ചുററുമായി വളർന്നുവന്നുവെന്നുള്ളതിനു് ഇന്നും ധാരാളം ലക്ഷ്യങ്ങളുണ്ടു്. മിശിഹായുടെ വളർത്തുപിതാവു മാത്രമല്ലാ സാക്ഷാൽ ദൈവമായിരുന്ന മിശിഹാതന്നെയും ഉൽകൃഷ്ടമല്ലാതിരുന്ന ഒരു തൊഴിലിനെ സ്വീകരിച്ചിരുന്നതുകൊണ്ടു നിസ്സാരവേലകളെ കൂലിക്കാർ സ്നേഹിപ്പാനും മുതലാളികൾ വേലക്കാരെ സമന്മാരെന്ന ഭാവത്തിൽ കരുതുവാനും തുടങ്ങി. ഇങ്ങിനെയുള്ള ഒരവസ്ഥ ഉ[illegible]ത

നസാമ് രാജ്യങ്ങളിൽ അജ്ഞാതമായിരുന്നു. ഗ്രീസ്സിൽതന്നെ ൧൦൦൦ ആളുകളെ സുഖസന്തോഷങ്ങൾ അനുഭവിച്ചിരുന്നുള്ളു. ദാസ്യവൃത്തി അവലംബിച്ചിരുന്ന അടിമകളുടെയും മററും സംഖ്യ കോടാകോടിയായിരുന്നു. ഒരു കാലത്ത് അതിവിപുലമായിരുന്ന റോമ്മാമഹാരാജ്യം ൨,൦൦൦ മാത്രം ഭൂഉടമസ്ഥന്മാരുടെ സ്വത്തായിരുന്നു. അവർ സംഖ്യയില്ലാതുള്ള അടിമകളുടെ സഹായത്തോടുകൂടി ഈ ഭൂമി കൃഷിചെയ്തിരുന്നു.

ഇനിയും ഈ അടിമകളുടെ സ്വാതന്ത്ര്യത്തിനായി കത്തോലിക്കസഭയോളം ശ്രമംചെയ്തിട്ടുള്ളത് ആരാണ്? ഇപ്പോഴത്തെ ഒരു കാളവാണിഭസ്ഥലത്തെ സംഭവം വിചാരിച്ചാൽ അടിമ വ്യാപാരച്ചന്തകളിലെ സ്ഥിതി നമുക്ക മുഴുവനായി മനസ്സിലാക്കാൻ വഴിയില്ല. കാളച്ചന്തകളിൽ ചിത്തദുർവൃത്തിയുടെ വികാരങ്ങൾ അധികം കാണപ്പെടുന്നില്ല. അടിമകളെ ശേഖരിക്കുന്നതിലും പൂട്ടിയിടുന്നതിലും ഭേമിച്ചു വേലചെയ്യിക്കുന്നതിലും ഉഗ്രമായ കോപത്തിനും നീചമായ രാഗത്തിനും വിധേയരാക്കുന്നതിലും അവരുടെ ഉടമസ്ഥന്മാരും ഉടമസ്ഥകളും കാട്ടിക്കൂട്ടിയ ഗോഷ്ടികളെ നമ്മുടെ ഊഹശക്തിക്ക് സ്പർശിക്കപോലും പാടില്ല. താൻ ഒരു കുളത്തിൽ വളത്തിയിരുന്ന മത്സ്യങ്ങൾക്ക ഭക്ഷണമായി അടിമകളെ വെട്ടിനുറുക്കി ആ മാംസം കൊടുക്കുക പതിവായിരുന്ന ഒരു ധനവൃദ്ധയോട് അതിന്റെ കാരണം ചോദിച്ചതിൽ, "കാരണമോ? എന്താ കാരണം വേണ്ടത്. അത് എന്റെ മനസ്സാണ്" എന്ന് സമാധാനം പ്രാപിച്ചതായി പറയപ്പെട്ടിരിക്കുന്നു. അസാധാരണ സൌശീല്യമുള്ള സ്ത്രീജനങ്ങൾപോലും അടിമകളെ പീഡിപ്പിക്കുന്നതു ന്യായമായി കരുതിയിരുന്നു. ഈ നിഷ്ഠുരതകത്വം കാവ്യലോകം മുഴുവനും വ്യാപിച്ച് ഓരോ ഗൃഹത്തിലെയും ഓരോ രാജ്യത്തിലെയും ഭരണവിഷയകവും ധനസംബന്ധവും ആയ സകല സമ്പ്രദായങ്ങളിലും മുടിപ്പിടിച്ചിരുന്നു. ഈ മഹാമാരിയെ ദൂരീകരിക്കുന്നതിൽ സഭ ധാരാളം വിവേകം പ്രദശിപ്പിക്കണമെന്ന നിലയിൽ അതിന്റെ പ്രാബല്യവും വദ്ധിച്ചിരുന്നു. എങ്കിലും ദൈവദൃഷ്ടിയിൽ സകലക്കുമുള്ള സമത്വവും, എല്ലാ മനുഷ്യരോടും കാരുണ്യം വേണമെന്നുള്ള നിയമവും സഭ സാവധാനത്തിൽ പ്രസംഗിക്കമൂലം അടിമകളുടെ മേലുള്ള യജമാനന്മാരുടെ പിടി അയകയും, അടിമകളുടെയും ഉ

ടമസ്ഥന്മാരുടെയും മദ്ധ്യേ, ആദ്യം വൈദികമായും പിന്നീട് ഇതരവിഷയങ്ങളിലും സമത്വം സംസ്ഥാപിതമാകയും ചെയ്തു. സഭ ആദ്യം ദേഹിയുടെയും പിന്നീട്ട ദേഹത്തിന്റെയും സ്വാതന്ത്ര്യപ്രഖ്യാപനം ചെയ്തു.

ഒളിച്ചോടിപ്പോയ ഭൃത്യനായ ഒനെസിമസ്സിനെ താങ്ങി വി. പൌലൂസ് ഫിലെമൊന്നെഴുതിയ വേദപുസ്തകത്തിലെ ഏററവും മാധുര്യമേറിയ ലേഖനം ഭൃത്യന്മാരുടെയും അടിമകളുടെയും സ്ഥിതിയെ നന്നാക്കുന്നതിൽ രാജാക്കന്മാരുടെയും പ്രഭുക്കന്മാരുടെയും ഭഗീരഥശ്രമങ്ങളെക്കാൾ ഫലപ്രദമായി. രാജാക്കന്മാരുടെ ഈ ശ്രമവും ക്രിസ്തീയവേദത്തിന്റെ തള്ളൽനിമിത്തമാണെന്നുള്ളതിനെ മറന്നുകൂടാ. മെത്രാന്മാർ പള്ളികളിൽ അടിമകൾക്കായി നൽകിയിരുന്ന സ്വാതന്ത്ര്യത്തെ കൊൻസ്റ്റന്തീനോസ് തന്നെ രാജചട്ടത്താൽ ഉറപ്പിച്ചു മെത്രാന്മാരുടെയൊ പട്ടക്കാരുടെയോ അധീനത്തിൽപ്പെട്ട അടിമകൾ പ്രായേണ സ്വതന്ത്ര്യരായി. ഇവരുടെ ദൃഷ്ടാന്തത്തെ മററുള്ളവർ സ്വമനസ്സാലെ അനുകരിച്ചു. ഇതുകൊണ്ടാണ് കത്തോലിക്കവൈദികഗണത്തിനു അനുകൂലിയല്ലാത്ത മെക്കാളിപോലും നവീകരണത്തിനു മുമ്പായി കത്തോലിക്കമെത്രാന്മാരുടെയും വൈദികന്മാരുടെയും ശബ്ദം കേൾക്കപ്പെട്ട ഇടങ്ങളിലൊക്കെ അടിമവ്യാപാരം നിർമ്മൂലമാക്കപ്പെട്ടിരുന്നു എന്നു സമ്മതിക്കുന്നതു്. ഇക്കാലത്തു കൃഷിക്കാരുടെയൊ മറെറന്തെങ്കിലും തൊഴിലാളികളുടെയൊ പ്രത്യേകഗുണത്തിനായി സംഘങ്ങൾ നടത്തപ്പെടുന്നതു പരിഷ്കാരത്തിന്റെ പരമാവധിയെക്കാണിക്കുന്ന സംഭവമെന്നു കരുതി ആനന്ദചിത്തവൃത്തികളാകുന്ന ആളുകൾ ഇല്ലയൊ? സ്വതന്ത്രരായിരുന്ന കൃഷികന്മാരുടെയും ശില്പികളുടെയും വകയ്ക്കായി സഭയുടെ ആഭിമുഖ്യത്തിൽ നടത്തിവന്ന യോഗങ്ങളുടെ ശക്തിയേയും പുഷ്ടിയേയും മനസ്സിലാകാത്ത ആളുകളാണ് മേൽപ്രകാരം വ്യാമോഹിപ്പിക്കപ്പെടുന്നതു്. കച്ചവടക്കാരാദിയായവർക്കു പ്രത്യേകവസ്ത്രങ്ങളും പ്രത്യേക ചിഹ്നങ്ങളും ഉണ്ടായിരുന്നു. തൊഴിൽ പ്രധാനി തന്നെ ആശ്രയിച്ചു കഴിഞ്ഞിരുന്ന സിൽബന്തികളുടേയും ഉദ്യോഗകാംക്ഷികളുടെയും പിതാവെന്ന നിലയിൽ വർത്തിച്ച് അവരുടെ അവകാശസ്വാതന്ത്ര്യങ്ങളെ പാലിക്കുന്നതിനു ബാദ്ധ്യസ്ഥനായിരുന്നു. വേലയ്ക്കു കൂലിയും ചരക്കുകൾക്കു വിലയും [illegible]

സമ്മതത്താൽ ഉറപ്പിക്കപ്പെട്ടിരുന്നു. ഓരോ യോഗവും ഒരു മദ്ധ്യസ്ഥനായ വിശുദ്ധനെ തിരഞ്ഞെടുക്കയും ആ നാമത്തിൽ തിരുനാളാഘോഷിക്കയും പ്രാർത്ഥനസംഘങ്ങൾ നിശ്ചയിക്കയും ആത്മീയാലോചനകൾക്കായി ഒരു പട്ടക്കാരനെ നിയമിക്കയും പതിവായിരുന്നു. യോഗത്തിൽപെട്ട ആളുകളുടെ വിധവകൾക്കും കുഞ്ഞുങ്ങൾക്കും സഹായം ചെയ്യുന്നതിനായി ധനശേഖരവും നടത്തിയിരുന്നു. ഈ സംപ്രദായംകൊണ്ടോ എന്തോ ഇക്കാലത്തിലെ ഒരു നൂതന സാംക്രമികരോഗമായ വേലക്കാരുടെ പണിമുടക്കം അന്നുള്ളവർ കഥയിൽപോലും കേട്ടിരുന്നില്ലെന്നുള്ളതു് വാസ്തവമാണ്.

സമുദായത്തിനും ലോകത്തിനും സഭ ചെയ്തിട്ടുള്ള നാനാവിധ നന്മകളെപ്പററി ഇതിലധികം വിസ്തരിച്ചുപറയാൻ സ്ഥലം അനുവദിക്കുന്നില്ല. ആകയാൽ നമ്മുടെ നിരൂപണത്തെ അവസാനിപ്പിക്കാം. ക്രിസ്തീയവേദം ലോകത്തിൽ അഴിമതികളും അക്രമങ്ങളും കണ്ടു. അവയുടെ സ്ഥാനത്തിൽ സമാധാനത്തെസ്ഥാപിച്ചു. അതു മൂർഖരായ മ്ലേച്ഛരെയും ഗസ്മരരായ ചെന്നായ്ക്കളേയും കണ്ടു. അവരെ കുഞ്ഞാടുകളും വിശുദ്ധരുമാക്കി പരിഷ്കരിച്ചു. അതു ദാസ്യത്തെ ഉന്മൂലനംചെയ്തു; സ്വാതന്ത്ര്യത്തെപ്രതിഷ്ഠിച്ചു; അതു മനുഷ്യർ തമ്മിലും സമുദായങ്ങൾ തമ്മിലും കണ്ട വിദ്വേഷത്തെ ഈശ്വരഭക്തിയും സഹോദരസ്നേഹവുമായിപ്പകർത്തി. അതു മാംസേച്ഛയോടുകൂടിയ മനുഷ്യപുത്രരെ ,സ്വർഗ്ഗീയ അനുഗ്രഹങ്ങളോടു കൂടിയ ദൈവപുത്രരായി നവീകരിച്ചു.

## III പ്രായോഗിക ചിന്തകൾ.

ആദ്യക്രിസ്ത്യാനികളെ മതദ്രോഹികളായ റോമൻ ചക്രവർത്തികൾ എത്രമാത്രമുള്ള ഉപദ്രവങ്ങൾ ഏല്പിച്ചുവെന്നു വായനക്കാരെ ശരിയായി ധരിപ്പിപ്പാൻ ഇവിടെ സമയവും സാമർത്ഥ്യവുമില്ല. കൊളിസേയം എന്ന നൃത്താലയത്തിൽ ആഫ്രിക്കാ മുതലായ ദൂരദേശങ്ങളിലെ വനാന്തരങ്ങളിൽ നിന്നു കൊണ്ടുവരപ്പെട്ട സിംഹം, ചിത്രവ്യാഘ്രം ആദിയായ ഹിംസ്രജന്തുക്കൾ നിർദ്ദോഷികളായ ക്രിസ്ത്യാനികളെ റോമാനഗരവാസികളുടെ കൺമുമ്പാകെ വെച്ചു പ്രതിദിനമെന്നപോലെ നിർദ്ദയമായി

പറിച്ചു ചീന്തി ഭക്ഷിച്ചിരുന്നതു ചക്രവത്തികൾക്ക് ഏററവും ന യനാനന്ദകരമായ ഒരു വിനോദമായിരുന്നു. ഇങ്ങിനെ വളരെ നാൾ ശ്രമിച്ചശേഷം ക്രിസ്ത്യാനികളെ നാമാവശേഷമാക്കിയെ ന്ന മിത്ഥ്യാഭ്രമത്തോടെ ഒരു ചക്രവത്തി "ക്രിസ്ത്യാനി എന്ന നാമം ഭൂമുഖത്തിൽ നിന്നു മാച്ചുകളഞ്ഞിരിക്കുന്നു. ക്രിസ്ത്യൻ മൂഢവിശ്വാസം നിർമ്മൂലമാക്കപ്പെടുകയും ദേവന്മാരുടെ ആരാധ ന വിദേശങ്ങളിൽ വ്യാപിക്കയും ചെയ്തിരിക്കുന്നു" എന്നു ഘോ ഷിക്കുന്ന കീത്തിമുദ്രകളെ പ്രജാവലിയിൻമദ്ധ്യേ അടിച്ചു പ്രച രിപ്പിക്കുന്നതിനു കൂടിയും മടിച്ചില്ല. ഇക്കാലത്തിൽ നിഗ്രൂഢമാ യി റോമായിൽ ജീവിച്ചിരുന്ന ക്രിസ്ത്യാനികളുടെ മനോവികാ രങ്ങൾ എന്തായിരുന്നിരിക്കാം? സഭയുടെമേൽ അതിൻെറ ദിവ്യ സ്ഥാപകൻെറ കൃപാകടാക്ഷം സദാ ഉണ്ടായിരിക്കുമെന്നുള്ള വി ശ്വാസംകൊണ്ട് അവർ അധൈര്യപ്പെട്ടില്ല. ഫബിയോളായി ലെ കഥാനായകനായ വി. സെബാസ്റ്റ്യനും, സഖിയായ വി. പംക്രാസ്യസും തമ്മിൽ നടന്ന സംവാദം റോമായിലെ ക്രി സ്ത്യാനികളുടെ അന്തർഗതം നമ്മേ മനസ്സിലാക്കുന്നു. ഇരുവ രും ചന്ദ്രപ്രകാശിതമായ ഒരു രാത്രിയിൽ റോമൻകുന്നുകളിൽ ഒന്നിൽ വിജനമായ ഒരു ഭാഗത്തു തങ്ങളുടെ രഹസ്യാലാപങ്ങ ളെ നടത്തിക്കൊണ്ടിരിക്കയായിരുന്നു. ക്രിസ്ത്യാനികൾ സഹി ക്കേണ്ടിയിരുന്ന ഉപദ്രവങ്ങളെ ഓത്തു ധീരോദാത്തനായ ദേവ സ്യാനോസ് ഇപ്രകാരം വിലപിച്ചു:— "കത്താവേ! ഇനെത്ര നാളത്തേക്ക്? എത്ര നാളത്തേക്ക്? ന്യായം പറയാനും സത്യം വിധിക്കാനും ആരുമില്ലാതെ എത്ര നാൾ ഇങ്ങനെ കഴിയും? അവരുടെ കാലടികൾ ദുഷ്ടതയിലേക്കു പായുകയും ദോഷഹീന മായ രക്തം ചിന്തുന്നതിനു ധൃതികൂട്ടുകയും ചെയ്യുന്നു" അസ്ത പ്രായമായ ചന്ദ്രനെ നോക്കിക്കൊണ്ടു വി: പംക്രാസ്യസ് ഇ തിനു സമാധാനമെന്ന ഭാവത്തിൽ "ലോകം ഈ ചന്ദ്രൻെറ മ ങ്ങിയ വെളിച്ചത്തിൽ നടക്കയും, പ്രകാശവും ജീവനും തരു ന്ന നീതിസൂര്യൻ ഉദിക്കാതിരിക്കയും ചെയ്യുന്ന കാലത്തേക്ക്" എ ന്നു പറഞ്ഞു.

ഇവരുടെ ആശ അസ്ഥാനത്തായില്ല. ഈ സംഭാഷ ണം കഴിഞ്ഞു പത്തുവഷം തികയുന്നതിനു മുമ്പായി നീതി

സൂൎയ്യൻ ഉദിച്ചു. അതിൻെറ ശക്തിയേറിയ കിരണങ്ങൾ അതെൻസിലും റോമിലും ഉണ്ടായിരുന്ന വ്യാജദേവന്മാരുടെ അന്ധകാരമായ വിഗ്രഹങ്ങളെ നിലംപതിപ്പിച്ചു. ക്രിസ്തീയവേദത്തിൻെറ സത്യവും മഹാത്മ്യവുമത്രേ ഈ വിജയത്തിനു കാരണമാക്കിയതു്. മിശിഹായുടെ മാതൃകയും നിഷ്കളങ്കജീവിതവും, ആ ജീവിതത്തിനു മററുള്ളവരുടെ പ്രകൃതിയെ ഭേദപ്പെടുത്തുന്നതിൽ ഉണ്ടായ ശക്തിയും പലരെ ആകൎഷിച്ചു. കന്യകയായ തൻെറ മാതാവു സൌന്ദൎയ്യത്തിൻെറയും സൌഭാഗ്യത്തിൻെറയും മൂൎത്തീകരണമായിരുന്നതുകൊണ്ടു ചിത്രകാരന്മാരുടെ ശില്പത്തിനും നാസ്തികന്മാരുടെ ധ്യാനത്തിനും വിഷയമായിതീൎന്നു. മനുഷ്യജാതി സദാചാരത്തിൽ മുമ്പോട്ടു കൊണ്ടുപോകപ്പെട്ടു. "ഇഷ്ടപ്രസാദവരം" ധാരാളമായി പ്രചരിപ്പിക്കപ്പെടുകയും തന്മൂലം ഗുണവാന്മാരുടെ സുകൃതത്തിനുള്ള ഉത്സാഹം വൎദ്ധിക്കയും ചെയ്തു. ക്രിസ്തുമതസിദ്ധാന്തങ്ങൾ സൎവ്വത്ര സമാധാനവും സന്തോഷവും പരത്തി. ദരിദ്രർ ദൈവവചനശ്രവണത്താൽ ലൌകികധനാഭാവത്തെ വകവെച്ചില്ല. മനുഷ്യകുലം ദൈവത്തിൻെറ അദ്ധ്യക്ഷതയിൽ ഒരു മഹാ കുടുംബമാണെന്നുള്ള ബോധം അവരെ ധനാഢ്യൻെറ പക്കലേക്കടുപ്പിക്കയും, അയാൾ അവരെ ആശ്ലേഷിക്കയും ചെയ്തു. സകല സ്ത്രീപുമാന്മാരും സഹോദരസഹോദരികളാണെന്നും, ദരിദ്രർ സദാ നമ്മോടു കൂടിയുണ്ടായിരിക്കമെന്നും ഉദാരശീലയായ വിധവ വമ്പുപറഞ്ഞ ഫരിശായക്കാരനെക്കാൾ ഈശ്വരസന്നിധിയിൽ വിലമതിക്കപ്പെട്ടുമെന്നും, ദൈവപുത്രൻ ദേഹണ്ഡംകൊണ്ടു് ഉപജീവനം കഴിച്ചുവെന്നും, ദൈവത്തിനുള്ളതു ദൈവത്തിനും കേസറിനുള്ളതു കേസറിനും കൊടുക്കപ്പെടേണ്ടതാണെന്നും, ദൈവദൃഷ്ടിയിൽ യഹൂദനോ, സ്വദേശിയോ, പരദേശിയോ, അടിമയോ, സ്വതന്ത്രനോ ഇല്ലെന്നും സൎവ്വരും ആചരിക്കേണ്ടതായ ഒരു നിയമം ഉണ്ടെന്നും, അതിലെ ആദേശങ്ങൾ സൎവ്വപ്രധാനമായി ദൈവത്തെ സ്നേഹിക്കണമെന്നും നമ്മെപ്പോലെ നമ്മുടെ സഹോദരങ്ങളെ— നമ്മുടെ ശത്രുവിനെപ്പോലും— സ്നേഹിക്കണമെന്നും മററുമുള്ള സങ്കല്പങ്ങൾ എത്രമാത്രം ആശ്വാസപ്രദങ്ങളാണ്. ഇവയാണു് വി: ദേവസ്യാനോസിൻെറയും വി: പംക്രാസീസിൻെറയും ആശാബന്ധങ്ങളായിത്തീൎന്നതു്.

നമ്മിൽ പലരും ഒരു ക്രിസ്തീയ പുസ്തകപാരായണം മൂലം സദുദ്ദേശങ്ങളോടു കൂടി വർത്തിക്കുമ്പോഴും, ഭക്തിയോടുകൂടി കുമ്പസാരവും ദിവ്യകാരുണ്യസ്വീകരണവും കഴിച്ചു പ്രാർത്ഥിക്കുമ്പോഴും കപടദേവന്മാർക്കായി നിർമ്മിക്കപ്പെട്ടിരിക്കുന്ന ക്ഷേത്രങ്ങൾക്കും ആലയങ്ങൾക്കും സമീപേകൂടി നടന്നുപോകുമ്പോഴും, വി: ദേവസ്യാനോസിനെപ്പോലെ "എത്ര നാളത്തേക്കു! കർത്താവേ! എത്ര നാളത്തേക്കു;" എന്നു വിഷാദപൂർവം പ്രരോദിച്ചിട്ടില്ലയോ! മാർതോമ്മാശ്ലീഹാ വി. ഫ്രാൻസിസ് സേവ്യാർ തുടങ്ങിയുള്ള അനേകം സിദ്ധന്മാരുടെ പ്രേഷകവേലകൾക്കു തൃപ്തികരമായ ഫലങ്ങൾ ഇനിയും ലഭിച്ചിട്ടില്ലാത്തതിനാൽ നാം പലപ്പോഴും വ്യസനിച്ചിട്ടില്ലയോ? ക്രിസ്തീയ വേദത്തിന്റെ സ്തുത്യർഹതത്വങ്ങൾ യൂറോപ്പുഖണ്ഡത്തെ കീഴടക്കിയവിധത്തിൽ ഭാരതഭൂമിയിൽ ഫലവത്തായി തീരാതിരിക്കുന്നതിനുള്ള കാരണങ്ങളെയാണു് നാം ആലോചിക്കേണ്ടതു്. പ്രിയപ്പെട്ട സഹോദരങ്ങളെ! ഈ കാരണങ്ങൾ നമ്മിൽ ഓരോരുത്തനിലും കണ്ടെത്തപ്പെടേണ്ടിയിരിക്കുന്നു. കണ്ടെത്തപ്പെടുകയും ചെയ്യും.

നാം ആദിമക്രിസ്ത്യാനികളെപ്പോലെ ജീവിക്കുന്നുവെങ്കിൽ ഇൻഡ്യയിൽ നീതിസൂര്യൻ വളരെ മുമ്പേതന്നെ ഉദിക്കുമായിരുന്നു. അവരിൽ പുരുഷനും, സ്ത്രീയും, വൃദ്ധനും, ബാലനും, യജമാനനും ദാസനും അപ്പസ്തോലന്മാർ ആയിരുന്നു. അന്യന്മാരെ സ്വമതത്തിലേക്കാകർഷിക്കാൻ അവർ അഹോരാത്രം ശ്രമിച്ചിരുന്നു. നാമോ എന്തുചെയ്യുന്നു? ഹിന്ദുരാജ്യമായ ഈ ഇൻഡ്യയിൽ നാം എത്ര പേർ സ്വമനസ്സാലെ പ്രേഷകവേല നടത്തുന്നുണ്ട്? സ്വന്തശ്രമത്താൽ ചുരുക്കം ചിലരെഎങ്കിലും ക്രിസ്ത്യാനികളാക്കിയിട്ടുണ്ടെന്നുള്ള കൃതാർത്ഥത നമ്മിൽ എത്രപേർക്കുണ്ടാകും? പ്രേഷകർക്കു പ്രേഷകയോഗ്യമായ ഉത്സാഹവും ജ്ഞാനവും ഉണ്ടായിരിക്കേണ്ടതു് ആവശ്യമാണ്. നമ്മിൽ എത്രപേർ വേദത്തെ നമ്മുടെ പ്രത്യേക പാഠവിഷയമായി വെച്ചിട്ടുണ്ട്? എത്ര പേർ മതാഭിവൃദ്ധിക്കുവേണ്ടി പ്രാർത്ഥിക്കുന്നു. പഴയമാമൂലനുസരിച്ചു വൃദ്ധന്മാർ സഭയ്ക്കും സഭാപാലകനുംവേണ്ടി പ്രാർത്ഥിക്കുന്നുണ്ടായിരിക്കും. പരിഷ്കാര കിരണസ്പർശിതരായ ചെറുപ്പക്കാരിൽ പലരും ഇക്കാര്യത്തിൽ ഉദാസീനത ഭാവിക്കുന്നുണ്ടെന്നു പറയാതിരിക്കാൻ വഴിയില്ല. ഇ

ങ്ങിനെ "ഞാൻ പിഴയാളി" ചൊല്ലേണ്ടിവന്നതിൽ ആരും പരിഭവിക്കയില്ലെന്നു വിശ്വസിക്കുന്നു. നാം ലൌകിക വിജയത്തിനാവശ്യമുള്ള സംഗതികളിൽ പ്രധാനമായി ശ്രദ്ധപതിക്കുന്നു. വക്കീൽ അയാളുടെ നിയമഗ്രന്ഥത്തിലും, വൈദ്യൻ അയാളുടെ വൈദ്യമാസികയിലും, കൃഷികൻ അയാളുടെ വയലുകളിലും, കച്ചവടക്കാരൻ കമ്പോളനിരക്കിലും, ഉൽസുകനായിരിക്കുന്നു. ആദിമക്രിസ്ത്യാനികൾ കത്തോലിക്കർ എന്നനിലയിൽഉള്ള അവരുടെ കൃത്യങ്ങളെ പ്രധാനമായി അനുഷ്ഠിച്ചിരുന്നു. മതസംബന്ധമായ വായനയിൽ അവർ പ്രത്യേകശ്രദ്ധ പതിച്ചിരുന്നു. ജനങ്ങൾക്കു സുവിശേഷങ്ങൾ മനഃപാഠമായിരുന്നതുകൊണ്ട് അവരെ ഭയന്നു വി: ജെറോമും വി: അഗുസ്തീനോസും വേദപുസ്തകത്തിലെ പദപ്രയോഗത്തിൽപോലും ഭേദഗതിവരുത്താൻ വളരെ സംശയിച്ചിരുന്നുവെന്നു പറയപ്പെടുന്നു. എന്നാൽ ഒരു കത്തോലിക്കപത്രത്തെ നിഷ്ഠിംഗ്ലമായി വാങ്ങിക്കുന്ന എത്ര ആളുകൾ നമ്മുടെ ഇടയിൽ ഉണ്ട്? നമ്മിൽ എത്ര പേരുടെ പുസ്തകക്കൂട്ടുകൾ കത്തോലിക്ക ഗ്രന്ഥങ്ങളാൽ നിറയപ്പെട്ടിട്ടുണ്ട്. ഈ ചോദ്യങ്ങൾക്കു സമാധാനം പറയാതെ ഇരിക്കയാണ് നന്ന്. പരസ്പരസഹായം ആദിമക്രിസ്ത്യാനികളുടെഒരു പ്രധാന സുകൃതമായിരുന്നു. നാം "അജ്ഞാനി"കളുടെ "മനസ്സുതിരിവി"നായി ഭഗീരഥശ്രമം ചെയ്യു നമ്മുടെ ഇടയിൽ താമസിക്കുന്ന മിഷ്യനറിമാരേയും പട്ടക്കാരേയും വേണ്ടവിധത്തിൽ സഹായിക്കുന്നുണ്ടോ? അവരുടെ ബുദ്ധിമുട്ടുകളിലും കഷ്ടതകളിലും നമുക്കനുകമ്പയുണ്ടോ? ഈ ദേശത്തിൽ സത്യവിശ്വാസനിക്ഷേപത്തെ സൂക്ഷിച്ചിരുന്ന മഹാനുഭാവന്മാരുടെ നാമങ്ങൾ പോലും നാം കേട്ടറിഞ്ഞിട്ടുണ്ടോ? കത്തോലിക്കമതപ്രചരണത്തിനായുത്സാഹിക്കുന്ന ആളുകളെ ദാനധർമ്മംകൊണ്ടും പ്രാർത്ഥനകൾകൊണ്ടും നാം സഹായിക്കുന്നുണ്ടോ?.

ആദ്യക്രിസ്ത്യാനികൾ അനുകരണീയമായജീവിതം കഴിച്ചു. നമ്മൾ അങ്ങിനെ ചെയ്യുന്നു എന്നു പറവാൻ പാടില്ല. ആദ്യക്രിസ്ത്യാനികളിൽ ഐകമത്യം പ്രധാന ധനമായിരുന്നു. നമ്മളുടെ ഇടയിൽ പല കുടുംബങ്ങളിലും ഈ നിക്ഷേപം ഇല്ലാതായിത്തീർന്നിട്ടുണ്ട്. ക്രിസ്ത്യാനികളുടെഇടയിൽ ദുഷ്കർമ്മങ്ങളും ചതിയും വഞ്ചനയും വർദ്ധിച്ചുകൊണ്ടിരുന്നാൽ ഹിന്ദുക്കളും മഹ

മ്മദീയരും ക്രിസ്തീയവേദം സ്വീകരിക്കുന്നതിന് എങ്ങിനെ മന സ്സാകും? ക്രിസ്ത്യാനികൾ ക്രിസ്തുവിൻെറ കുരിശിനോടുള്ളതിൽ അധികം പക്ഷം ലൌകികാഡംബരങ്ങളിൽ പതിക്കുന്നുവെങ്കിൽ ഇതരന്മാർ കുരിശിങ്കലേക്കാകർഷിക്കപ്പെടുകയെന്നത് എങ്ങിനെ സാദ്ധ്യമാകും?.

ഭിന്നതയുടേയും വിദ്വേഷണത്തിൻെറയും സകല ഹേതുക്ക ളേയും വെറുത്തു ഐക്യത്തിനുള്ള വഴികളേ ആരാഞ്ഞ് അവ യിൽക്കൂടി നടക്കുന്നതിനു നമുക്കു ഉത്സാഹിക്കാം. ക്രിസ്ത്യാനിക ളെന്ന നമ്മുടെ നാമത്തേ അന്വർത്ഥമാക്കിക്കൊണ്ടു ക്രിസ്തീയ ഐക്യത്തിൻെറ നാരായവേരായിരിക്കുന്ന പരിശുദ്ധപിതാവിൻെറ യും, മെത്രാപ്പോലീത്താമാർ മുതലായ വൈദികാദ്ധ്യക്ഷന്മാരുടേയും, ദൈവവചനവും വിശുദ്ധ കൂദാശകളും നമുക്കു തരുന്ന പട്ട ക്കാരുടേയും, വിജയത്തിനും ഉൽകർഷത്തിനുമായി പ്രാർത്ഥിക്കാം.

കുടുംബപ്രധാനികളായ പിതാക്കളോടും മാതാക്കളോടുമാ യിട്ട് ഒരു വാക്കു പറയാനുണ്ട് കൊൺസ്റ്റന്തീനോസു കുരിശട യാളത്തേ സകലത്ര മഹത്വപ്പെടുത്തിയിരുന്നു എന്ന് ഈ ഉപ ന്യാസത്തിൻെറ ആദ്യഭാഗത്തിൽ നിങ്ങൾ കണ്ടുവല്ലോ. നിങ്ങ ളുടെ കുടുംബങ്ങളിൽ "ക്രൂശിക്കപ്പെട്ട രൂപത്തിനു„ സർവ്വപ്രധാന മായ ഒരു സ്ഥാനം ഉണ്ടായിരിക്കട്ടേ. ക്രിസ്തീയവേദത്തിൻെറ ധീരോദാത്തന്മാരായ വിശുദ്ധരുടെ ചിത്രങ്ങൾ നിങ്ങളുടെ ചു വരുകളേ അലങ്കരിക്കട്ടേ. അവരുടെ സുകൃതങ്ങളെ നിങ്ങളും നിങ്ങളുടെ സന്തതികളും അനുകരിക്കുവിൻ. കുട്ടികളേ ദൈവ ഭയത്തിൽ വളർത്തുന്നതിൽവെച്ചുണ്ടാകുന്ന സൌഭാഗ്യം ഏററവും ഉൽകൃഷ്ടമായിട്ടുള്ളതാണ്. ഓരോ മഹാന്മാർ ജീവിതകാലത്തിൽ ചെയ്തിട്ടുള്ള അസാധാരണകൃത്യങ്ങൾ അവക്കു ചെറുപ്പകാലത്തിൽ ലഭിച്ച അഭ്യസനത്തിൻെറ ഫലമായിരുന്നു എന്നാണ് ചരിത്രം നമ്മേ ധരിപ്പിക്കുന്നത്. കൊൺസ്റ്റന്തീനോസിൻെറ മഹിമക്കു ഹേതുഭൂത അനുഗ്രഹത്തിൻെറ മാതാവായ വി. ഏലന്നായായിരു ന്നു. ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ടജാതിയായ യൂദജനം നാശത്തിനും ശിക്ഷക്കും വിധിക്കപ്പെട്ടു. ഒരമ്മ അവളുടെ കുട്ടി യെ രക്ഷിച്ചു. ആ കുട്ടി—അതായതു മൂശ—സ്വന്തജാതിയെ ഒന്നാ കെ രക്ഷിച്ച് അവരെ ഏജിപ്തിലെ അന്ധകാരത്തിൽനിന്നു അ

ടിമയിനിന്നും വിമോചിപ്പിച്ചു് പരിശുദ്ധമായ കനാൻദേശത്തെ പ്രകാശത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും നയിച്ചു. ആകയാൽ മാതാപിതാക്കന്മാരെ! നിങ്ങളും പരിപൂൎണ്ണമായ ക്രിസ്തീയ ജ്ഞാനദാനംകൊണ്ടു നിങ്ങളുടെ കുഞ്ഞുങ്ങളെ രക്ഷിക്കാൻ നോക്കുക. സൎവ്വേശ്വരന്റെ അത്യത്ഭുതകരമായ നിശ്ചയത്താൽ നിങ്ങളുടെ കുട്ടി ഒരു മൂശയോ ഒരു കൊൺസ്തന്തീനോസോ ആയിത്തീൎന്നു് ഇൻഡ്യയുടെ രക്ഷയേയും സ്വാതന്ത്ര്യത്തേയും സാധിച്ചേക്കാം.

---

**Nihil obstat.**

Fr. James Kalacherry,
Censor Deputatus.

**Imprimatur.**

† Thomas Kurialachery,
Bishop & Vic. Ap. of
Changanacherry

Changanacherry,
5- 9- '21.

---

Printed and Published for the Proprietor by P. K. Joseph
at St. Joseph's Press, Mannanam. 1921.

# കേരളീയകത്തോലിക്കൻ.

---

ക്രിസ്തുമതാദൎശങ്ങളെ മുൻനിറുത്തി മതം, സമുദായം, രാജ്യതന്ത്രം, സാഹിത്യം മുതലായ വിവിധ വിഷയങ്ങളെ പ്രതിപാദിക്കുന്ന ഒരു വിശിഷ്ടമാസിക. ഇതാ ഒരു വയസ്സു പൂൎത്തിയായിരിക്കുന്നു. അടുത്ത കൊല്ലം മുതൽ പലവിധ പരിഷ്കാരങ്ങളോടും പൂൎവ്വാധികം വലിപ്പത്തിലും പുറപ്പെടുന്നതാണ്. ആവശ്യക്കാർ മുൻകൂട്ടി അപേക്ഷിക്കാത്തപക്ഷം ഇച്ഛാഭംഗത്തിനിടയാകും. ആണ്ടടക്കം മുൻകൂർ വരിസംഖ്യ രണ്ടു ക. മാത്രം. ആറു മാസത്തെ വരിസംഖ്യ മുമ്പേറയച്ചോ, അത്രയും സംഖ്യക്കു വീ. പി. അയപ്പാൻ അനുവദിച്ചോ ഇന്നുതന്നെ എഴുതുക.

ററി. വി. അഗസ്റ്റീൻ ഫെർണാൻറസ്

മാനേജിംഗ് ഉടമസ്ഥൻ,

"കേരളീയകത്തോലിക്കൻ" ആഫീസ്, ചവറ.

---

# കുസുമഗ്രന്ഥാവലി പ്രസിദ്ധീകരണങ്ങൾ.

---

1. "യാക്കോബായസഭ". (ഫാദർ ബെൎണ്ണാർഡ് സി. ഡി.)
2. "ദേവമാതാവിൻ വണക്കമാസപ്പാട്ടുകൾ' (തീർന്നുപോയി) (ഫാദർ സൈമൺ സി. ഡി.)
3. "പ്രൊട്ടസ്റ്റൻറുമതവും വേദപുസ്തകവും." (ഫാദർ തോമസ് മണ്ണഞ്ചേരി)
4. "ഭാരതഹൃദയം" (സി. അന്തപ്പായി ബി. ഏ. ഭാഷാന്തരം
5. "അൎമേനികളും വേദപ്രചാരവും." ചെയ്തത്) (ഫാദർ പഞ്ഞിക്കാരൻ എം. ഏ.)
6. "ഹിന്ദുമതം." (കെ. അയ്യപ്പൻ ബി. ഏ.)
7. "കത്തോലിക്കസഭ" (കെ. ഇ. ജോബ് ബി. ഏ.)
8. "ദിവ്യകാരുണ്യകീൎത്തനങ്ങൾ."(ഫാദർ സൈമൺസി. ഡി.)
9. "സഭയും സമുദായവും." (വി. സി. ജോർജ്ജ്)

ഓരോ പുസ്തകത്തിനും രണ്ടു ചക്രം മാത്രമെ വിലയുള്ളു. ഒരു രൂപായിക്കു ൭ന്ന പുസ്തകം. അഞ്ചൽക്കൂലി ഇതിനും പുറമെ കൊടുക്കണം. മാനേജർ, കൎമ്മലകുസുമം, മാന്നാനം.